# ഭക്തിയും മുക്തിയും

കുഞ്ഞിമുഹമ്മദ് വളാഞ്ചേരി

عَنْ أَبِي ذَرٍّ رَضِيَ اللهُ عَنْهُ عَنْ رَسُولِ اللهِ ﷺ قَالَ: اتَّقِ اللهَ حَيْثُمَا كُنْتَ وَأَتْبِعِ السَّيِّئَةَ الْحَسَنَةَ تَمْحُهَا ، وَخَالِقِ النَّاسَ بِخُلُقٍ حَسَنٍ .

**റസൂൽ(സ) പ്രസ്താവിച്ചതായി അബൂദർറി(റ)ൽനിന്ന് നിവേദനം: "നീ എവിടെയായിരുന്നാലും അല്ലാഹുവെ ഭയപ്പെട്ടുകൊണ്ടിരിക്കുക. തിന്മ സംഭവിച്ചാൽ നന്മ അനുവർത്തിക്കുക. അത് തിന്മയെ മായ്ച്ചു കളയും. ജനങ്ങളോട് സ്വഭാവ മേന്മയോടെ ഇടപെടുക."**(അഹ്മദ്)

ഏതൊരു മനുഷ്യനെ സംബന്ധിച്ചേടത്തോളവും അല്ലാഹുവുമായും സഹജീവികളുമായുള്ള അയാളുടെ ബന്ധവും താൻ കൈക്കൊണ്ട ജീവിത ശൈലിയും ഉത്തമവും ഉദാത്തവുമായിരിക്കുകയാണ് അഭികാമ്യം. ഇസ്‌ലാമിക ജീവിതത്തിന്റെ യഥാർഥ മൂലശിലകളാണിവ. വ്യക്തികളിൽ ഇവയുടെ സാന്നിധ്യവും സ്വാധീനവും സമൂഹത്തെ അന്യൂനമാക്കും. ഇവ മൂന്നും നേരാം വഴിയിൽ പ്രയോജനപ്പെടുത്തുന്നവരായിരിക്കും സ്രഷ്ടാവിനോടും സൃഷ്ടികളോടും ഉത്തമമായി വർത്തിക്കുന്ന ഭക്തന്മാർ, അഥവാ തഖ്‌വ ആർജിച്ചവർ.

അല്ലാഹുവുമായി സവിശേഷമായ ഒരടുപ്പം സ്ഥാപിച്ചവരായിരിക്കും യഥാർഥ ദൈവഭക്തർ. ശുദ്ധമനസ്സായിരിക്കും അവർക്ക് ഊർജം നൽകുക. അതിനാൽ ലഘുവായ വീഴ്ചകൾപോലും തങ്ങളെ തീണ്ടാതിരിക്കാൻ ജാഗ്രത്തായിരിക്കും അവർ. ഏത് നിമിഷവും മനഃശുദ്ധി കൈവിടാതിരിക്കുക യഥാർഥ ദൈവഭക്തരുടെ പ്രകൃതമായതിനാൽ അവർ എവിടെയാകട്ടെ, തനിച്ചാവട്ടെ സമൂഹത്തിലാവട്ടെ, സുഖത്തിലോ ദുഃഖത്തിലോ ആവട്ടെ, അല്ലാഹുവിനോടുള്ള ആരാധനാ-അനുസരണ കാര്യങ്ങളിലും സൃഷ്ടികളോടുള്ള കടപ്പാടുകൾ നിറവേറ്റുന്നതിലുമെല്ലാം ദൈവഭക്തിയുടെ പ്രതിഫലനങ്ങൾ അവരിൽ അടയാളപ്പെടാതിരിക്കില്ല. അവരുടെ മൗനത്തിലും പുഞ്ചിരിയിലും നടത്തത്തിലും ഇരുത്തത്തിലും, സംസാരത്തിലും, സമീപനങ്ങളിലുമെല്ലാം ദൈവഭക്തി അന്തർഭവിച്ചിരിക്കും.

മനുഷ്യൻ പക്ഷേ, മനുഷ്യൻ തന്നെയാണ്. മുത്തഖി(ദൈവഭക്തൻ)യെങ്കിലും മലക്കുകൾക്ക് മാത്രം അവകാശപ്പെട്ട പാപസുരക്ഷിതത്വം മനുഷ്യനിൽ ഉണ്ടാവുകയില്ല. ഏത് മുത്തഖിയിലും വല്ലപ്പോഴും ചെറു ദോഷമെങ്കിലും സംഭവിക്കാം. മനുഷ്യസഹജം എന്ന് അതിനെപറ്റി പറയാം, ആദിമപിതാവിന് സംഭവിച്ചപോലെ. ആദമിന് അല്ലാഹു പാപമോചന പ്രാർഥന പഠിപ്പിച്ചു. ആദം അത് ഉരുവിട്ടു. തെറ്റിൽനിന്ന് പിൻവാങ്ങി. ഇപ്രകാരം തിന്മ അനുവർത്തിച്ചുപോയാൽ മുക്തി മാർഗവും അല്ലാഹു പഠിപ്പിച്ചു. വീണ്ടും നന്മകൾ അനുഷ്ഠിച്ചുകൊണ്ട് തിന്മയെ മായ്ച്ചു കളയണം. പാപമോചന പ്രാർഥന അതിനൊരു ഉത്തമ പ്രതിവിധിയാണ്. പശ്ചാത്താപത്തിന്റെ ഉപാധികളായ, ചെയ്ത തിന്മയിൽ കുറ്റബോധം ഉണ്ടാകുക, തിന്മ ആവർത്തിക്കാതിരിക്കുകയും ആവർത്തിക്കുകയില്ലെന്ന് തീരുമാനിക്കുകയും ചെയ്യുക, പാപമോചനത്തിനായി സുന്നത്ത് നമസ്കാരങ്ങളും നോമ്പ് പോലുള്ള കർമങ്ങളും ദാനധർമങ്ങളും വർധിപ്പിക്കുക പോലെ പലതുമാവാം ആ പ്രതിവിധി. ജനങ്ങളുമായി ബന്ധപ്പെട്ടതാണ് തിന്മയെങ്കിൽ അവരെ സമീപിച്ച് കുറ്റം ഏറ്റ് പറഞ്ഞ് വേണം പരിഹാരമുണ്ടാക്കാൻ.

അല്ലാഹുവിനോടെന്ന പോലെ മനുഷ്യകുലത്തോടുള്ള ഉത്തമ സമീപനത്തിലും ബദ്ധശ്രദ്ധനാകാൻ സത്യവിശ്വാസി ബാധ്യസ്ഥനെന്നത്രെ പ്രവാചകൻ(സ) മുന്നോട്ട് വെക്കുന്ന മൂന്നാമത്തെ നിർദേശം. ലോകത്ത് നിയുക്തരായ ലക്ഷത്തിൽപരം പ്രവാചകന്മാർ അവരുടെ അനുയായികളെ സവിശേഷമായി പഠിപ്പിച്ച ഒരു കാര്യമാണിത്. ജനങ്ങളെ ഉത്തമ സ്വഭാവികളും സദാചാര പ്രതിബദ്ധതയുള്ളവരുമാക്കി മാറ്റിയെടുക്കാൻ അക്ഷീണയത്നം ചെയ്യുകയായിരുന്നു അവർ. ദൈവഭക്തിയുടെ ഭാഗം തന്നെയാണിതും.

തിന്മകൾക്ക് വശംവദരായവർ ജീവിതത്തെ ഭക്തിയുടെയും മുക്തിയുടെയും മാർഗത്തിൽ പറിച്ചു നട്ട് ഉത്തമ സ്വഭാവികളും സദ്‌വൃത്തരുമായി മാറുമ്പോൾ ഇസ്‌ലാമിക ജീവിതം സഫലമാവുകയായി. സദ്ഗുണസമ്പന്നരായ സദ്‌വൃത്തർ ഉടലെടുക്കുന്ന സമൂഹങ്ങളിലാണ് ഇസ്‌ലാമിന് ഉയിർത്തെഴുന്നേൽപുണ്ടാവുക. ●